പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3107 | 10. 05.2017 ൽ മറുപടി നല്കേണ്ടത്. |

**<u>ഭക്ഷ്യസുരക്ഷാവകുപ്പ്</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തി വരുന്ന പ്രവർത്തനം എന്തെന്ന് വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്ഥിരമായി പരിശോധനകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേന്മ ഇല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | സംസ്ഥാനത്ത് ഹോട്ടലുകളിലും ബേക്കറികളിലും പഴകിയതും സുരക്ഷിതമായി സ്റ്റോർ ചെയ്യാത്തതുമായ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലം ബേക്കറികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു വേണ്ടി ജില്ലകൾതോറും ഫുഡ് സേഫ്റ്റി ഓഫീസർമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് നിശ്ചിത ഇടവേളകളിൽ സ്ഥാപനങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേന്മ ഇല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ഗുണനിലവാരം തീരെ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുന്നതടക്കം ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | വിവിധ വകുപ്പുകളുടെ കൂട്ടായ്മ ഉണ്ടാക്കി ജനങ്ങൾക്ക് നല്ല ഭക്ഷണവും മായം കലരാത്ത ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) | സ്വീകരിക്കുന്നതാണ്. |
| ഡി) | 2016 ജനവരി മുതൽ ഭക്ഷ്യവകുപ്പ് ഇൻസ്പെക്ട് | ഡി) | 2016 ജനുവരി മുതൽ ഭക്ഷ്യവകുപ്പ് ഇൻസ്പെക്ട് ചെയ്ത ഹോട്ടലുകൾ, ബേക്കറികൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവര |

ചെയ്ത ഹോട്ടലുകൾ, ബേക്കറികൾ എത്ര; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ങ്ങൾ ചുവടെ ചേർക്കുന്നു.

| | **ഹോട്ടൽ** | **ബേക്കറി** |
|---|---|---|
| തിരുവനന്തപുരം | 654 | 398 |
| കൊല്ലം | 306 | 188 |
| പത്തനംതിട്ട | 73 | 42 |
| ആലപ്പുഴ | 51 | 83 |
| കോട്ടയം | 119 | 167 |
| ഇടുക്കി | 215 | 76 |
| എറണാകുളം | 1231 | 255 |
| തൃശ്ശൂർ | 369 | 141 |
| പാലക്കാട് | 136 | 186 |
| മലപ്പുറം | 285 | 165 |
| കോഴിക്കോട് | 110 | 61 |
| വയനാട് | 46 | 49 |
| കണ്ണൂർ | 65 | 29 |
| കാസർഗോഡ് | 49 | 19 |

**സ്വീകരിച്ച നടപടികൾ**

കൊല്ലം - 283 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി

പത്തനംതിട്ട- 92 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി, 46 സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി.

ആലപ്പുഴ - 54 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി 17 സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി.

കോട്ടയം - 729,000/- രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പിഴ ഇനത്തിൽ ഈടാക്കി

എറണാകുളം - 62 സ്ഥാപനങ്ങളിൽ നിന്നും 2,49,500/- രൂപ പിഴ ഈടാക്കി

തൃശ്ശൂർ - ആകെ 76000/- രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പിഴയായി ഈടാക്കി

പാലക്കാട് - 52 ഹോട്ടലുകൾക്കും 40 ബേക്കറികൾക്കും നോട്ടീസ് നൽകി . 1,89,000/- രൂപ പിഴ ഈടാക്കി .

മലപ്പുറം - 2,70,000/- രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി

കണ്ണൂർ - 45 ഹോട്ടലുകളിൽ നിന്നും 2,36,000/- രൂപ പിഴ ഈടാക്കി , 9 ബേക്കറികളിൽ നിന്ന് 27,000/-രൂപ പിഴ ഈടാക്കി.

സെക്ഷൻ ഓഫീസർ